10/01/22

DESPATCHED
On. 27/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2157*(7)/2014*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **13236**/*എസ്.ഐ.സി-ജി 6/2014)*

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. എ.കെ.കരീം,
ആല്ല്യാമക്കാനകത്ത് വീട്,
പൊന്നാനി സൗത്ത് പി.ഒ.,
പോലീസ് സ്റ്റേഷനു സമീപം,
മലപ്പുറം ജില്ല. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
   അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്,
   നഗരകാര്യ ഡയറക്ടറേറ്റ്,
   തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
   ജോയിന്റ് ഡയറക്ടർ(ഭരണം),
   നഗരകാര്യ ഡയറക്ടറേറ്റ്,
   തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.04.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 29.04.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 20.06.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.07.2014 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 20.08.2014 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.08.2014 |
| ഹിയറിംഗ് നടന്ന തീയതി | 28.12.2021, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.കെ.കരീം, 20.08.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 21.08.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2157(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ടിയാന് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 20.04.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 20.06.14ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ആയതിന് 18.07.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 26.05.2014ന് ടിയാന് നൽകിയ മറുപടിയിൽ പൊന്നാനി നഗരസഭയിൽ അയച്ചിട്ടുള്ളത് എന്ന് സൂചിപ്പിച്ചത് പ്രാഥമിക അന്വേഷണ റിപ്പോർട്ടിനു വേണ്ടിയാണെന്നും എന്നാൽ സെക്രട്ടറിയുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ ഹർജിക്കാരന്റെ പരാതിയെ തുടർന്ന് കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർക്ക് അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് അയച്ചു കൊടുത്തിട്ടുണ്ടെന്നും ടി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊണ്ട് ഹർജിക്കാരനെ അറിയിക്കുന്നതാണെന്നും ഇക്കാര്യത്തിൽ ടിയാന്റെ പരാതിയിന്മേൽ പൊന്നാനി മുനിസിപ്പൽ സെക്രട്ടറിയുടെയും ഉത്തര മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടുകൊണ്ട് ടി ഓഫീസിൽ നിന്നും അയച്ചിരുന്ന നഗരകാര്യ ഡയറക്ടറുടെ 29.04.2014ലെ പൊന്നാനി മുനിസിപ്പൽ സെക്രട്ടറിയ്ക്കുള്ള ജി1/7305/14 നമ്പർ കത്ത്, നഗരകാര്യ ഡയറക്ടറുടെ 03.07.2014ലെ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർക്ക്

അയച്ച ജി1/7305/14 നമ്പർ കത്ത് എന്നിവയുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്.

4. 07.10.2014ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ടി ഓഫീസിലെ എസ്.പി.ഐ.ഒ.യും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുള്ളതാണെന്നും ഹർജിക്കാരന്റെ പരാതിക്കാസ്പദമായ വിഷയത്തെക്കുറിച്ച് പൊന്നാനി നഗരസഭാ സെക്രട്ടറിയുടെയും ഉത്തര മേഖലാ നഗരകാര്യ ജോയിന്റ് ഡയറക്ടറുടെയും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടിട്ടുള്ളതും ആയത് സമയബന്ധിതമായി നൽകുവാൻ ഓർമ്മക്കുറിപ്പ് മുഖേന ആവശ്യപ്പെട്ടിട്ടുള്ളതുമാണെന്നും അവ എത്രയും വേഗം വാങ്ങി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതും വിവരം ആവുന്നത്ര വേഗത്തിൽ ഹർജിക്കാരനെ അറിയിക്കുന്നതുമാണ് എന്ന വിവരമാണ് അറിയിച്ചത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന്റെ അപക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടിയിൽ അതൃപ്തി അറിയിച്ചാണ് രണ്ടാം അപ്പീൽ കമ്മീഷൻ മുമ്പാകെ ഫയൽ ചെയ്തതെന്നാണ്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 28.12.2021ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ തുടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നഗരകാര്യ വകുപ്പ് കോഴിക്കോട് മേഖലാ ജോയിന്റ് ഡയറക്ടർക്ക് 03.07.2014ലെ ജി1–7305/14 നമ്പർ പ്രകാരം കത്തു നൽകിയിരുന്നുവെന്നുമാണ്. ടി കാലയളവിൽ പ്രസ്തുത വകുപ്പിന്റെ ഓഫീസ് കെട്ടിടം തിരുവനന്തപുരം പബ്ലിക് ഓഫീസ് കെട്ടിടത്തിൽ നിന്നും നന്ദൻകോട് സ്വരാജ് ഭവൻ കെട്ടിടത്തിലേയ്ക്ക് മാറ്റപ്പെടുകയുണ്ടായെന്നും

ടി അവസരത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചിരുന്നോയെന്നും ടിയാന് മറുപടി നൽകിയിട്ടുണ്ടോയെന്നും അറിയുവാൻ ബന്ധപ്പെട്ട ഫയൽ നിലവിൽ കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലെന്നാണ്. എന്നാൽ കോഴിക്കോട് മേഖലാ ഓഫീസിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പകർപ്പിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരന് 28.12.2021ൽ മറുപടി നൽകിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്.

എന്നാൽ പൊന്നാനി മുനിസിപ്പൽ സെക്രട്ടറിയുടെ റിപ്പോർട്ട് ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഹർജിക്കാരന് ലഭ്യമാക്കണമെന്ന നിർദ്ദേശത്തോടെ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ജനുവരി 10-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION ✶ KERALA, THIRUVANANTHAPURAM ✶